# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി./പി.10/1946/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി. 02.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി./പി.10/1946/2017 തീയതി – 02.11.2017

# കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 18.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.9.2017 മുതൽ 28.9.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി. കെ. ഉണ്ണി | ഓഡിറ്റ് ഓഫീസർ ( ഹ. ഗ്രേ ) |
| | ശ്രീ. ഇ .വി ഹരി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എ. ഷിനിത്ത് | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. യശോദ തെങ്ങിട | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ. എം. കെ. ബാലകൃഷ്ണൻ | 1.4.2016 മുതൽ 11.4.2016 വരെ |
| | ശ്രീ. എം. ധർമ്മരാജൻ, അസിസ്റ്റന്റ് സെക്രട്ടറി ( ഇൻ ചാർജ്ജ് ) | 12.4.2016 മുതൽ 9.6.2016 വരെ |
| | ശ്രീ. ബൈജു ജോസ് | 10.6.2016 മുതൽ 2.8.2016 വരെ |
| | ശ്രീ. എൽ. എൻ. ഷിജു | 3.8.2016 മുതൽ 31.3.2017 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പി. എൻ. ശ്രീശൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. എം. ബിന്ദു | 1.4.2016മുതൽ 30.11.2016വരെ |
| | ശ്രീമതി. ഒ. കെ. ജിഷ | 1.12.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഒ. എം. രാജൻ | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. പി. സി. അബ്ദുൾ മജീദ് | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. എ. ധന്യ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം ) | ഡോ. ബിന്ദു ജോസഫ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ ) | ഡോ. കെ. സി. പ്രതിഭ | 1.4.2016 മുതൽ 1.7.2016 വരെ |
| | ഡോ. ഇ. ജെ. സ്മിത | 2.7.2016 മുതൽ 31.3.2017 വരെ |
| വി. ഇ. ഒ | ശ്രീമതി. ഒ. കെ.സബിത | 1.4.2016 മുതൽ 19.9.2016 വരെ |
| | ശ്രീ. വി. ലിജേഷ് | 20.9.2016 മുതൽ 19.10.2016 വരെ |
| | ശ്രീ. ടി. കെ. അഭിലാഷ് | 20.10.2016 മുതൽ 3.2.2017 വരെ |
| | ശ്രീ. പി. ടി. ഗ്രേഷ്യൻ | 4.2.2017 മുതൽ 31.3.2017 വരെ |
| ഐ. സി. ഡി. എസ് സൂപ്പർവൈസർ | ശ്രീമതി. എൻ. ശാന്ത | 1.4.2016 മുതൽ 31.5.2016 വരെ |
| | ശ്രീമതി. ടി. കെ. പുഷ്പ | 1.6.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | ഡോ. എം. പി. സജിന | 1.4.2016മുതൽ 1.7.2016വരെ |
| | ഡോ. ജയകൃഷ്ണൻ | 2.7.2016 മുതൽ 21.9.2016 വരെ |
| | ഡോ. കെ. എസ്. നിത്യ | 22.9.2016 മുതൽ 24.10.2016 വരെ |
| | ഡോ. ജയകൃഷ്ണൻ | 25.10.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം. ധർമ്മരാജൻ | 1.4.2016 മുതൽ 19.8.2016 വരെ |
| | ശ്രീമതി. കെ. പി. ഷബീന | 20.8.2016 മുതൽ 31.3.2017 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – സർട്ടിഫിക്കറ്റ് വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കേഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | വസ്തു നികുതി പിരിവിലെ അപാകതകൾ | 2-2 |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-3 |
| 14 | സഞ്ചയ സോഫ്റ്റ് വെയറിന്റെ ന്യൂനതകൾ | 2-4 |
| 15 | ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 2-5 |
| 16 | പരസ്യ നികുതി ചുമത്തുന്നില്ല | 2-6 |
| 17 | സേവന ഉപനികുതി ചുമത്തുന്നില്ല | 2-7 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 18 | പദ്ധതി ചെലവ് കുറയുന്നതിനാൽ ബജറ്റ് വിഹിതം നഷ്ടപ്പെടുന്നു. | 3-1 |
| 19 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല | 3-2 |
| 20 | മരാമത്ത് പ്രവൃത്തികൾ – പൊതു അപാകതകൾ | 3-3 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 22 | ന്യൂട്രിമിക്സ് വിതരണം – ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല | 3-5 |
| 23 | കിടാരി വളർത്തൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-6 |
| 24 | എസ്.എസ്.എ വിഹിതം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-7 |
| 25 | ലാപ്ടോപ്പ്, പ്രൊജക്ടർ വാങ്ങൽ – പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ | 3-8 |
| 26 | മരുന്ന് വാങ്ങൽ ആയുർവ്വേദ ആശുപത്രി – സമയപരിധി പാലിക്കുന്നില്ല | 3-9 |
| 27 | സബ്സിഡി രേഖകൾ ഹാജരാക്കിയില്ല | 3-10 |
| 28 | എസ്. സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം | 3-11 |
| 29 | സമഗ്ര വിദ്യാഭ്യാസ പരിപാടി – പദ്ധതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല | 3-12 |
| 30 | കുടിവെള്ള പദ്ധതി – പൂർത്തിയാക്കിയിട്ടില്ല | 3-13 |
| 31 | കുഴൽ കിണർ പദ്ധതി – പൂർത്തിയാക്കിയിട്ടില്ല | 3-14 |

| | | |
|---|---|---|
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 41 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 24.3.2017തിയതിയിലെ 1/2017 ംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 18.7.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 1,43,25,563.67

വരവ് - 11,64,54,695.00

ആകെ - 13,07,80,258.67

ചെലവ് - 10,07,88,994.00

നീക്കിയിരിപ്പ്- 2,99,91,264.67

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് ( എ.എഫ്. എസ് പ്രകാരമുള്ള വരവും ചെലവും ) | നീക്കിയിരിപ്പ്, | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,10,83,308 | 1,10,83,308 | 1,10,52,128 | 31,180 | 99 |
| വികസനഫണ്ട് എസ്.സി.പി. | - | 60,36,840 | 60,36,840 | 41,54,900 | 18,81,940 | 69 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 49,09,092 | 49,09,092 | 25,13,307 | 23,95,785 | 51 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 29,93,025 | 29,93,025 | 20,00,903 | 9,92,122 | 67 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 62,14,904 | 62,14,904 | 61,49,971 | 64,933 | 99 |
| പെർഫോമൻസ് ഗ്രാന്റ് | - | 41,18,835 | 41,18,835 | 27,76,081 | 13,42,754 | 67 |
| എം.എൻ.ആർ.ഇ.ജി.എസ്. | 14,629 | 12,34,844 | 12,49,473 | 12,25,469 | 24,004 | 99 |
| ബി ഫണ്ട് | - | 3,86,06,120 | 3,86,06,120 | 3,86,06,120 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 146 | 64 | 16 | 66 | 44 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29,99,608 | 47,99,716 | 18,00,108 | 60 |
| നികുതിയേതര വരവുകൾ | 5,59,242 | 7,17,695 | 1,58,453 | 28 |
| മറ്റുവരവുകൾ | 57,992 | 69,242 | 11,250 | 19 |
| ആകെ | 36,16,842 | 55,86,653 | 19,69,811 | 54 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,44,040 | 397 |
| കർഷകതൊഴിലാളി പെൻഷൻ | 78,82,040 | 865 |
| വിധവാപെൻഷൻ | 1,15,70,060 | 920 |
| വാർദ്ധക്യകാലപെൻഷൻ | 1,41,43,530 | 1,163 |
| വികലാംഗപെൻഷൻ | 34,17,520 | 293 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,28,930 | 70 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 കേഷ് വെരിഫിക്കേഷൻ

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.9.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.5.2017 | 2017 മാർച്ച്, ഏപ്രിൽ | സി.3/9106/17, 2.8.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.1.2010 | 2004-05 മുതൽ 2008-09 വരെ | എൽ.ബി.എ.എച്ച്.ക്യൂ. III / 8എ1538/627/ തീയതി 1.3.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമ പഞ്ചായത്തിന് ലഭിക്കാനവശേഷിക്കുന്ന / പിരിഞ്ഞു കിട്ടാനുള്ള തുകകളിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

3. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

4. മുന്നിരിപ്പ് തുകയിൽ വ്യത്യാസം - കെ. ഡി. സി ബാങ്ക് നടുവണ്ണൂർ ശാഖയിലെ 261 നമ്പർ അക്കൗണ്ടിന്റെ 2015-16 വർഷത്തെ നീക്കിയിരിപ്പ് 34,21,417 രൂപയാണ് . ( 2015-16 വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ RP 40 b പ്രകാരം ). എന്നാൽ ഇതേ അക്കൗണ്ടിന്റെ 2016-17 വർഷത്തെ മുന്നിരിപ്പ് 34,91,417 രൂപയാണ് . ( 2016-17 വർഷത്തെ വാർഷിക കണക്ക് ഷെഡ്യൂൾ RP 40 a പ്രകാരം ).

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിവിലെ അപാകതകൾ

1) രശീതികളിൽ കെട്ടിട നികുതി എന്നു കാണിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 203 ാം വകുപ്പിന്റെ ഭേദഗതി പ്രകാരം 24.03.1999 മുതൽ കെട്ടിട നികുതി(Buildig Tax) എന്നത് വസ്തു നികുതി (property Tax) എന്നാക്കി മാറ്റിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് നൽകുന്ന രശീതികളിൽ ഇപ്പോഴും കെട്ടിട നികുതി,' B T ' (Buildig Tax) എന്നിങ്ങനെയാണ് രേഖപ്പെടുത്തി വരുന്നത്. രശീതികളിൽ വസ്തു നികുതി (property Tax) എന്നുതന്നെ രേഖപ്പെടുത്തി നൽകാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) നികുതി ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ രശീതികളിൽ ചേർക്കുന്നില്ല

വസ്തു നികുതികുടിശ്ശിക പിഴയില്ലാതെ ഈടാക്കുമ്പോൾ, പിഴ ഒഴിവാക്കിയതിനുള്ള കാരണവും; പുതുതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ, നികുതി പുനർ നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ എന്നിവയുടെ കാര്യത്തിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ച ഫയൽ നമ്പറുകൾ എന്നിവയും, നികുതി പരിഷ്കരണത്തെ തുടർന്നു ബാലൻസ് ഈടാക്കുമ്പോൾ ഇതു സംബന്ധിച്ച വിശദാംശങ്ങളും രശീതികളിൽ ചേർക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിവരങ്ങളൊന്നും ഇല്ലാത്തതിനാൽ, കെട്ടിട ഉടമയ്ക്കു മാത്രമല്ല , മറ്റു സർക്കാർ ഏജൻസികൾക്കോ, ബേങ്കുകൾക്കോ പഞ്ചായത്തിനു തന്നെയോ, കെട്ടിടത്തിന്റെ അർദ്ധവാർഷിക നികുതി , നികുതിഅടച്ചത് എന്നിവ സംബന്ധിച്ച് വ്യക്തതയില്ലാതെവരുന്നു.

9.07.2015 ലെ സ ഉ (എം എസ് ) 231/15 തസ്വഭവ പ്രകാരം, 1975 ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തു നികുതി ഈടാക്കാൻ പാടുള്ളൂ. ഇക്കാര്യവും രശീതികളിൽ ചേർക്കേണ്ടതാണ്.

3) വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. എന്നാൽ 2016-17ൽ മേൽപ്പറഞ്ഞ നിബന്ധന പാലിച്ചിട്ടില്ല.

4) 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ അനുവദിച്ച മുഴുവൻ അപേക്ഷകളിലും സ ഉ (എം എസ്) നം. 358/15/ ത സ്വ ഭ വ തിയ്യതി 16/12/2015 ൽ പറയുന്ന അനുബന്ധം (2) പ്രകാരം സത്യവാങ്മൂലം സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ 2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജ് ചട്ടങ്ങൾ ചട്ടം3 (6) പ്രകാരം, രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച് പോരേണ്ടതാണ്.

5) ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 14പ്രകാരം വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12ാംചട്ടം പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും 13ാംചട്ടം പ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിനു സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും ഫോറം 9 ൽ ഒരു ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, കെട്ടിട ഉടമയോ അയാളുടെ ഏജന്റോ കൈപ്പറ്റിയതിനു നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

6) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം

മേൽ ചട്ടം 20 (2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിനു സാധാരണ കെട്ടിട നമ്പർ നല്കുന്ന രീതിയിലല്ല നമ്പർ നല്കേണ്ടത്. നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന ' U A ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നല്കേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നല്കുന്നത് 235 എ എ വകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിനു വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.

ചട്ടം 20 (3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235 എ എ വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും, വസ്തുനികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിനു ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ച്മാറ്റുന്നതു വരെ ഇപ്രകാരം വസ്തു നികുതി നല്കാൻ അയാൾ

ബാദ്ധ്യസ്ഥനായിരിക്കുമെന്നും കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കേണ്ടതുമാണ്. എന്നാൽ 2016-17ൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികൾ, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നമ്പർ നൽകിയത് എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) ലൈബ്രറി സെസ്സ് യഥാസമയംഅടയ്ക്കുന്നില്ല.

2000 ലെ കേരള അധികാര വികേന്ദ്രീകരണ നിയമം ( The Kerala Decentralisation of PowersAct,2000) 35(8) (3) വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് മൂന്ന് മാസത്തിനകം ലൈബ്രറി കൗൺസിലിൽ അടയ്ക്കാത്ത പക്ഷം 2% പിഴ പലിശ സഹിതം അടയ്ക്കേണ്ടതാണ്. 20.09.15 ലെ 10088/എൻ 3/05/എൽ എസ് ജി ഡി നം. കത്ത് പ്രകാരം പഞ്ചായത്ത് ഒരു വർഷം ലൈബ്രറി സൈസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി യഥാക്രമം ഏപ്രിൽ 30,നവംബർ 30 എന്നീ തിയ്യതികൾക്കുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടക്കേണ്ടതാണ്.

എന്നാൽ 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം 1,31,965/- രൂപ ലൈബ്രറി സെസ്സ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ട്.

9) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച പോരേണ്ടതാണ്.

2) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4) മേൽ ചട്ടങ്ങൾ 13 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

5) സ ഉ (എം എസ്) നം. 210/13/ ത സ്വ ഭ വ തിയ്യതി 04/06/2013 പ്രകാരം, സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടത്താവുന്നതും,നടപടികൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി സൂക്ഷിക്കാവുന്നതുമാണ്.എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും,അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1) റിട്ടേണുകളുടെ അടിസ്ഥാനത്തിലല്ലാത്ത തൊഴിൽ നികുതി പിരിവ്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 (1)പ്രകാരം ഒരർദ്ധവർഷത്തേക്ക് തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായ കമ്പനിയോടോ ആളോടോ തുടർന്നുള്ള അർദ്ധവർഷത്തിൽ VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതും, ചട്ടം 10 (2) പ്രകാരം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്.എന്നാൽ 2016-17 ലെ ഡി ആൻറ് ഒ ലൈസൻസികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനു മേൽചട്ടപ്രകാരം ലഭ്യമാക്കിയ റിട്ടേണുകൾ ഭൂരിഭാഗവും അപൂർണ്ണവും, വിവരങ്ങളൊന്നും രേഖപ്പെടുത്താത്തതുമാണ്. ആയതിനാൽ ചട്ടപ്രകാരം നോട്ടീസ് നല്കി റിട്ടേൺ ലഭ്യമാക്കേണ്ടതും ആയതു പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

2) ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഇ, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 205 ഡി പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2016-17 ലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ്

രജിസ്റ്ററിൽ ഡി & ഒ ലൈസൻസ് ആവശ്യമില്ലാത്ത സ്ഥാപനങ്ങളുടെ പേരുവിവരങ്ങളുണ്ടെങ്കിലും, ഡി&ഒ ലൈസൻസ് നൽകിയ കച്ചവടക്കാരുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനങ്ങളുടെ വിശദാംശങ്ങളില്ലാത്തതിനാൽ 2016-17 ൽ ലൈസൻസ് നൽകിയ മുഴുവൻ കച്ചവടക്കാരിൽനിന്നും വിറ്റുവരവിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയോ എന്ന് പരിശോധിക്കാൻ കഴിയാതെ വരുന്നു.മുഴുവൻ വിവരങ്ങളും ചേർത്ത് വാർഡ് തലത്തിൽ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്.

3) തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, ഉപവകുപ്പ് (1) ( എ )(i) പ്രകാരം ആകെ കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു തൊഴിലിലോ, കലയിലോ,ജോലിയിലോ, ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതിചുമത്തേണ്ടതാണ്, എന്നാൽ 2016-17ൽ പഞ്ചായത്തിനുവേണ്ടി പ്രവൃത്തി നടത്തിയ കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽചട്ടം, ഉപവകുപ്പ് (1) (i) പ്രകാരം അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെ മേലും തൊഴിൽ നികുതിചുമത്തേണ്ടതാണ്, എന്നാൽ 2016-17 വർഷത്തിൽ KADCO( Kerala Artisans Development Corporation),KMCLഎന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

## 2-4 സഞ്ചയ സോഫ്റ്റ് വെയറിന്റെ ന്യൂനതകൾ

1) ആവശ്യാനുസരണം റിപ്പോർട്ടുകൾ ലഭിക്കുന്നില്ല.

i) ഒരു വർഷം ചെയ്ത Form 6 സംബന്ധിച്ച റിപ്പോർട്ട് ലഭിക്കുന്നില്ല. അതായത്, ഒരു സാമ്പത്തിക വർഷത്തിലെ പുതിയ കെട്ടിടങ്ങളുടെ എണ്ണം സഞ്ചയയിൽ നിന്നും ലഭിക്കുന്നില്ല.

ii) വർഷം തിരിച്ചുള്ള ഡിമാന്റ് റിപ്പോർട്ടിൽ പഴയതും പുതിയതുമായ കെട്ടിടങ്ങളുടെ ഡിമാന്റ് ഇടകലർന്നു വരുന്നു.

iii) കെട്ടിടങ്ങളുടെ കൃത്യമായ കാലപ്പഴക്കം ലഭ്യമല്ല, 10 വർഷത്തിൽ താഴെ,10 മുതൽ 25 വർഷം വരെ എന്നിങ്ങനെ സ്ലാബ് രൂപത്തിലാണ് വിവരങ്ങൾ.

iv) സഞ്ചയയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രിന്റൗട്ട് എടുത്തു സൂക്ഷിക്കുന്നതിനോ പരിശോധിക്കുന്നതിനോ മാത്രമല്ല,വായിക്കുന്നതിനു പോലും എളുപ്പമല്ലാത്തതും A4,A3 തുടങ്ങിയപേജുകളിലൊന്നും ഒതുങ്ങാത്തവണ്ണം വലുപ്പം കൂടിയതുമാണ്.ഉദാ സുലേഖ പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റ്, ഡി സി ബി സ്റ്റേറ്റ്മെന്റ്, owner details എന്നിവ.

2) ആവശ്യമായ സംവിധാനമില്ല

i) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുമ്പോഴും, 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം,വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കുമ്പോഴും, മറ്റു പഞ്ചായത്തുകളിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് യാതൊരു സംവിധാനവും സഞ്ചയയിലില്ല.

ii) വിമുക്ത ഭടൻമാരുടെ 2000 ച അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ 2000 ച അടിയിൽ കൂടുതലായി വരുന്ന ഭാഗത്തിനു നികുതിഈടാക്കുന്നതിനും സഞ്ചയയിൽ സംവിധാനമില്ല.

iii) കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ മുൻ വർഷത്തെ ഡിമാന്റ് മാറുന്നു.മുൻ വർഷങ്ങളിൽ അന്തിമമാക്കിയ വാർഷിക കണക്കുകളിലെ ഡിമാന്റ് തുകയിൽ മാറ്റംവരുന്നത് റിപ്പോർട്ടുകളെ ബാധിക്കുകയും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടാതിരിക്കുന്നതിനു കാരണമാകുകയും ചെയ്യുന്നു.

iv) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.എന്നാൽ, സഞ്ചയ സോഫ്റ്റ് വെയറിൽ ഡി സി ബി തയ്യാറാക്കുമ്പോൾ, ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതിയും ഡിമാന്റിൽ കാണിക്കുന്നു.

v) 9.07.2015 ലെ സ ഉ (എം എസ് ) 231/15 തസ്വഭവ പ്രകാരം, 1975 ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തു നികുതി ഈടാക്കാൻ പാടുള്ളൂ. ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ,ഇക്കാര്യം പരിശോധിക്കുന്നതിന് സഞ്ചയയിൽ സൗകര്യമില്ല.

vi) അപ്രൂവ് ചെയ്ത ചില എൻട്രികൾ, സെക്രട്ടറിയുടെ ലോഗിനിൽ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യാൻ കഴിയില്ല (ഫയൽ കാണുന്നില്ല). അതേ സമയം, Form 6 ൽ ' not signed' എന്നു കാണിക്കുകയും ചെയ്യുന്നു

3)പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്ത ഓണർഷിപ്പ് സർട്ടിഫിക്കേറ്റ്

നാലിൽ കൂടുതൽ ആളുകൾ ഉടമകളായുള്ള കെട്ടിടങ്ങളുടെ ഓണർഷിപ്പ് സർട്ടിഫിക്കേറ്റിൽ ഉടമകളായ മുഴുവൻപേരുടേയും വിവരങ്ങൾ ലഭിക്കുന്നില്ല. ഭാവിയിൽ ഗുരുതരമായ നിയമപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായിട്ടും ലാഘവ ബുദ്ധിയോടെയാണ് സോഫ്റ്റ് വെയർ നിർമ്മാതാക്കൾ ഇത് കൈകാര്യം ചെയ്യുന്നത്.

ഉദാ : താഴെപ്പറയുന്ന കെട്ടിടത്തിനു നാല് ഉടമകളുണ്ടെങ്കിലും Ownership Certificate ൽ മൂന്ന് ആളുകളുടെ പേര് മാത്രമാണ് കാണുന്നത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമകൾ |
|---|---|---|
| 1 | 91/7 | 1.പി എംഇസ്മായിൽ,2.അബ്ദുറഹ്മാൻ,3.മുഹമ്മദ് റഫീഖ്,4.അന്ത്രു |

4) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതിപരിഷ്കരണം

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയയിൽ ചേർക്കാൻ കഴിയില്ല. ഇക്കാരണത്താൽ ഇത്തരം കെട്ടിടങ്ങളുടെ നികുതിപരിഷ്കരണം സഞ്ചയയിൽ സാദ്ധ്യമല്ല.

5) കാര്യക്ഷമമല്ലാത്ത "Search Option"

ഒരേ ഉടമസ്ഥന്റെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങൾ,നികുതി കുടിശ്ശികയുള്ളവരുടെ ലിസ്റ്റ്, പഞ്ചായത്ത് ഓരോ സമയത്തും നൽകേണ്ട വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ എന്നിവയൊന്നും ലഭിക്കുന്നില്ല

6) സാംഖ്യ- സഞ്ചയ സമന്വയം

ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, സഞ്ചയയിൽ പോസ്റ്റിംഗ് വരുമെങ്കിലും,ഏതെങ്കിലും കാരണത്താൽ രശീതി കേൻസൽ ചെയ്താലും, സഞ്ചയയിലെ പോസ്റ്റിംഗ് മാറുന്നില്ല. സഞ്ചയയിലെ ഇത്തരം ഗുരുതരമായ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-5 ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1 ) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ

ഡി.ആൻറ്.ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ പലതിലും വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം, മുൻവർഷത്തെ ലൈസൻസ് നമ്പർ സ്ഥാപനത്തിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. ദിവസ വിറ്റുവരവ് കണക്കാക്കാൻ ബുദ്ധിമുട്ടുള്ള സംഗതിയിൽ, പ്രവർത്തന മൂലധനം ഏകീകൃതരൂപത്തിൽ കണക്കാക്കുന്നതിനു ബുദ്ധിമുട്ടുള്ളതിനാലും, സ്ഥാപനങ്ങൾ അതു കുറച്ചു കാണിക്കാൻ സാദ്ധ്യതയുള്ളതിനാലും,സ്ഥിര നിക്ഷേപത്തിന്റെ (യന്ത്ര സാമഗ്രികൾ മാത്രം) 5 % ദിവസേനയുള്ള വിറ്റുവരവായി കണക്കാക്കിയും ഫീസ് ചുമത്താവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞവയൊന്നും പരിഗണിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

2) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റില്ല

പഞ്ചായത്തിൽ നിലവിൽ വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയില്ല. 2016-17 വർഷത്തെ ലൈസൻസ് & പെർമിഷൻ രജിസ്റ്ററിൽ മുഴുവൻ സ്ഥാപനങ്ങളുടേയും പേരുവിവരങ്ങളും ലൊക്കേഷനും ചേർക്കേണ്ടതാണ്.

3) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ാം വകുപ്പനുസരിച്ച് മനുഷ്യരുടെ ജീവനോ സ്വത്തിനോ അസഹ്യമോ,ആപൽക്കരമോ ആയേക്കാനിടയുള്ള കാര്യങ്ങൾക്ക്, സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 3പ്രകാരമുള്ള പട്ടിക 1 ക്രമ നമ്പർ 149 അനുസരിച്ച് റീടെയിൽ റേഷൻ ഡിപ്പോ ഈ ഗണത്തിൽപ്പെടുന്നതാണ്.

എന്നാൽ, പഞ്ചായത്തിൽ ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ പേരിൽ നടപടിയെടുക്കുന്നില്ല.

## 2-6 പരസ്യ നികുതി ചുമത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ പൊതുജനങ്ങൾക്ക് കാണത്തക്കവണ്ണം, ഏതെങ്കിലും പരസ്യം ഏതെങ്കിലും വിധത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടെ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നികുതി കൊടുക്കേണ്ടതാണ്. 209 (ബി,സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ നടുവണ്ണൂർ അങ്ങാടിയുൾപ്പെടുന്ന പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങളിൽ നിന്ന് പരസ്യ നികുതി ഈടാക്കിയതായി കാണുന്നില്ല.

## 2-7 സേവന ഉപനികുതി ചുമത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.26 എന്നിവ അനുസരിച്ച്, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 207 ാം വകുപ്പ് (1) ാംഉപ വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. മേൽ ചട്ടം 27, 28, 29 എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണ സമിതി സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ചെലവ് കുറയുന്നതിനാൽ ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുന്നു

ഓഡിറ്റ് വർഷം അസി. എഞ്ചിനീയർക്ക് ചുമതലയുണ്ടായിരുന്ന 87 പ്രോജക്ടുകളിൽ 33 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. അസി. എഞ്ചിനീയർ വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയുടെ 62 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ , പശ്ചാത്തല മേഖലാ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

2016-17

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 3 | 13,31,000 | 9,60,017 | 72 |
| 2 | വെറ്ററിനറി സർജ്ജൻ | 8 | 8 | 8,28,000 | 4,50,738 | 54 |
| 3 | മെഡിക്കൽ ഓഫീസർ ( പി. എച്ച്. സി ) | 1 | 1 | 3,67,360 | 2,58,850 | 70 |
| 4 | മെഡിക്കൽ ഓഫീസർ ( | 1 | 1 | 1,25,000 | 1,25,000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ഹോമിയോ ) | | | | | |
| 5 | മെഡിക്കൽ ഓഫീസർ ( ആയുർവേദം ) | 1 | 1 | 2,00,000 | 2,00,000 | 100 |
| 6 | വി. ഇ. ഒ | 7 | 5 | 9,35,100 | 8,58,281 | 92 |
| 7 | ഹെഡ് മാസ്റ്റർ | 5 | 5 | 6,00,000 | 6,00,000 | 100 |
| 8 | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 4 | 4 | 34,66,200 | 34,41,529 | 99 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3,00,000 | 3,00,000 | 100 |
| 10 | സെക്രട്ടറി | 19 | 10 | 97,55,057 | 89,80,510 | 92 |
| 11 | അസി. സെക്രട്ടറി | 7 | 7 | 33,89,090 | 33,39,279 | 99 |
| 12 | അസി. എഞ്ചിനീയർ | 87 | 33 | 79,95,165 | 49,67,157 | 62 |

2015-16, 2016-17 വർഷങ്ങളിലെ പദ്ധതി ചെലവിന്റെ വിശദവിവരം

2015-16

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,58,67,175 | 24,00,751 | 1,58,67,175 | 1,82,67,926 | 94,14,400 | 52 | 88,53,526 |
| വികസനഫണ്ട് എസ്.സി.പി. | 53,90,000 | 5,65,704 | 53,90,000 | 59,55,704 | 33,45,597 | 56 | 26,10,107 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് - റോഡ് | 44,58,000 | 66,891 | 44,58,000 | 45,24,891 | 28,43,041 | 63 | 16,81,850 |
| സംരക്ഷണഗ്രാന്റ് - നോൺ റോഡ് | 27,18,000 | 7,65,899 | 27,18,000 | 34,83,899 | 19,68,035 | 56 | 15,15,864 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - | 40,04,664 | 30,32,944 | 40,04,664 | 70,37,608 | 60,78,949 | 86 | 9,58,659 |
| പെർഫോമൻസ് ഗ്രാന്റ് | - | 28,51,306 | - | 28,51,306 | 19,87,494 | 70 | 8,63,812 |

2016-17

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,10,83,308 | - | 1,10,83,308 | 1,10,83,308 | 1,10,52,128 | 99 | 31,180 |
| വികസനഫണ്ട് എസ്.സി.പി. | 60,36,840 | - | 60,36,840 | 60,36,840 | 41,54,900 | 69 | 18,81,940 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് - റോഡ് | 49,09,092 | - | 49,09,092 | 49,09,092 | 25,13,307 | 51 | 23,95,785 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 29,93,025 | - | 29,93,025 | 29,93,025 | 20,00,903 | 67 | 9,92,122 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 62,14,904 | - | 62,14,904 | 62,14,904 | 61,49,931 | 99 | 64,933 |
| പെർഫോമൻസ് ഗ്രാന്റ് | 41,18,835 | - | 41,18,835 | 41,18,835 | 27,76,081 | 67 | 13,42,754 |

## 3-2 റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കുകയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത് ( IRC 34 – 2011കാണുക ). എന്നാൽ മണ്ണിട്ടുയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല. മണ്ണിന് പകരം ക്വാറി മക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ടതിന്റെ അളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടിരുന്നെങ്കിലുള്ള ചെലവ് | അധികച്ചെലവ് |
|---|---|---|---|---|
| 1 | പറയരുകണ്ടി താഴെ - അരിപ്പകുളങ്ങര റോഡ് സോളിംഗ് പ്രോജക്ട് നം. എസ് 0010 / 17.<br>എം. ബുക്ക്നം. 143/14-15. കരാറ്കാരൻ: കെ. ബി. ലത്തീഷ്<br>ബിൽ നം. 8 / 16-17/ 7.9.16 ( 94,350രൂപ ) | 48 എം3 @ 974/എം3= 46,752രൂപ | 48എം3 @ 2,881/ 10എം3= 13,829രൂപ | 46,752 – 13,829 = 32,923രൂപ |
| 2 | കാരടി പറമ്പത്ത് - പാറക്കടവത്ത് താഴെ റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്<br>പ്രോജക്ട് നം. എസ്. 0029 / 17.<br>എം. ബുക്ക്നം.381/15-16. കരാറ്കാരൻ: കെ. കെ. ദിലീഷ് ബിൽ നം. 12 / 16-17/ 27.9.16 (2,99,067രൂപ ) | 23.87 എം3 @ 1224.27/എം3= 29,223രൂപ | 23.87എം3 @ 443.16/ എം3= 10,578രൂപ | 29,223 – 10,578 = 18,645രൂപ |
| | ആകെ | | | 51,568 |

മേൽപറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് റോഡിന്റെ ഉപരിതലം ഉയർത്തിയ ഭാഗത്ത് തന്നെ ക്വാറിമക്കിട്ട്

ഉപരിതലം ഉയർത്തുന്നത് ഐ.ആർ.സി സ്പെസിഫിക്കേഷനിൽ ഇല്ലാത്തതാണ്. ആയതിനാൽ അധികതുക നൽകിയത് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) മരാമത്ത് ബില്ലുകളിൽ കരാറുകാരിൽ നിന്നും 4% നിരക്കിൽ വാറ്റ് ഈടാക്കിയതായി കാണുന്നു. എന്നാൽ കരാറുകാരുടെ വാറ്റ് കോമ്പൗണ്ട് ചെയ്തു കൊണ്ടുള്ള വിൽപ്പനനികുതി വകുപ്പിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) പ്രവൃത്തികളുടെ എം. ബുക്കിൽ അളവെടുക്കുന്ന എഞ്ചിനീയറുടെയും അളവ് പരിശോധിക്കുന്ന എഞ്ചിനീയറുടെയും പേര് എഴുതുന്നില്ല.

3) സാങ്കേതികാനുമതി രജിസ്റ്റർ, വർക്ക് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

4) ഓഡിറ്റ് വർഷം കരാറുകാർ നേരിട്ടാണ് ബിറ്റുമിൻ വാങ്ങിയത്. എന്നാൽ കരാറുകാർ ബിറ്റുമിൻ വാങ്ങിയ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ--സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ മെഡിക്കൽഓഫിസർ ഹോമിയോ

ചെലവ് ബിൽനമ്പർ 1/ 16-17 25.01.2017 1,25,000/-

മേൽപറഞ്ഞ തുക കേരളസംസ്ഥാനഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് 01.02.2017ന് നൽകി.എന്നാൽ മേൽപറഞ്ഞ തുകയുടെ മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ചെലവഴിച്ച 1,25,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 ന്യൂട്രിമിക്സ് വിതരണം -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

താഴെ പറയും പ്രകാരം തൻവർഷം ടി എച് ആർ എസ് പദ്ധതിയുടെ ഭാഗമായി ന്യൂട്രിമിക്സ് വാങ്ങിയതിൻെറ വിശദവിവരം താഴെ പറയുന്നു

| ക്രമനമ്പർ | ബിൽനമ്പർ തിയ്യതി | അളവ് കി.ഗ്രാം | തുക |
|---|---|---|---|
| 1 | 591/03.03.2016 | 1480 | 82880 |
| 2 | 596/23.03.2016 | 1285 | 71960 |
| 3 | 455/03/05/2016 | 985 | 55160 |
| 4 | 462/06.6.2016 | 1035 | 57960 |
| 5 | 477/14.07.2016 | 1130 | 63280 |
| 6 | 180/11.08,2016 | 1235 | 69160 |
| 7 | 492/30.10.2016 | 1310 | 73360 |
| 8 | 640/05/12.2016 | 1380 | 77280 |
| 9 | 1209/28.12.2016 | 1450 | 81200 |
| 10 | 1212/1.02.2017 | 1300 | 91000 |
| 11 | 1233/7.03.2017 | 1150 | 80500 |
| | | total | 803740 |

സാമൂഹ്യക്ഷേമ ഡയരക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010,18.12.2010 പ്രകാരം ഓരാ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യട്രമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു.എന്നാൽ അത്തരത്തിലൊരു ലാബ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 കിടാരി വളർത്തൽ പദ്ധതി നിർവഹണത്തിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ: വെറ്റിനറിസർജൻ

പ്രോജക്ട് നമ്പർ /so75/17

ചെലവ് വികസനഫണ്ട് 2,50,000

ഗുണഭോക്തവിഹിതം 250000

മേൽപറഞ്ഞ പ്രകാരം 5,00,000 രൂപ അടങ്കലിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച ആയതുപ്രകാരം 50 ഗുണഭോക്താക്കൾക്ക് കിടാരിവിതരണം ചെയ്യാൻ തീരുമാനിച്ചു. ഒരു കിടാരിയുടെ വില 10000 രൂപയാണ് . ആയതിൽ പകുതി ഗുണഭോക്തൃ വിഹിതമാണ്.44 ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ 43പേർ ഗുണഭോക്തവിഹിതം അടവാക്കി. എന്നാൽ 42 ഗുണഭോക്താക്കൾക്ക് മാത്രമാണ് കിടാരി വിതരണം ചെയ്തത്.എന്നാൽ ഗുണഭോക്തവിഹിതം അടവാക്കിയ മാധവി കോഴിക്കൽ മീത്തൽ എന്ന ഗുണഭോക്താവിന് പശുവിനെ വിതരണം ചെയ്തിട്ടില്ല. പ്രസ്തുത ഗുണഭോക്താവിന് ഗുണഭോക്തൃ വിഹിതം തിരിച്ച നൽകിയിട്ടില്ല. ഇതിനു പുറമെ 11ഗുണഭോക്താക്കൾക്ക് കിടാരിയെ വിതരണം ചെയ്തവർക്ക് അവർക്ക് അർഹമായ പദ്ധതിവിഹിതമായ കിടാരി ഒന്നിന് 5000 രൂപ തൻവർഷം നൽകിയിട്ടില്ല.

## 3-7 എസ് .എസ് എ വിഹിതം വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

നിർവഹണഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പ്രോജക്റ്റ് നമ്പർ So7/17

ചെല വ് 6,00,000 billno 02/16/17 03.01.17

മേൽപ്പറഞ്ഞ തുക വികസനഫണ്ടിൽ നിന്നു പിൻവലിച്ച് പ്രോജക്റ്റ ഓഫിസർ സർവശിക്ഷഅഭിയാന് നൽകിയിട്ടുണ്ട് .എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.16.11.2013 ലെ സ.ഉ.(കെ) നം 362/2013 ത, സ്വ.ഭ.വ 6ii പ്രകാരം എസ്.എസ്.എ യുടെ പ്രോജക്റ്റുകൾ എസ്.എസ്.എയു വിദ്യാഭ്യാസകമ്മിറ്റിയുടെ സഹായത്തോടെ തദ്ദേശഭരണസ്ഥാപനവും ചേർന്നാണ് തയ്യാറാക്കേണ്ടത്.തയ്യാറാക്കിയ പ്രോജക്റ്റ് ഭരണസമിതി അംഗികരിക്കുകയു ശേഷം പദ്ധതിയിൽ ഉൾപ്പെടുത്തുകയു ചെയ്യണം. എന്നാൽ അത്തരം ഒരു നിബന്ധന പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മറുപടി ലഭ്യമാക്കിയിട്ടില്ല. 6,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 ലാപ്പ്ടോപ്പ്,പ്രൊജക്ടർ,വാങ്ങൽ -പദ്ധതി നടത്തിപ്പിൽ വിഴ്ചകൾ

നിർവഹണഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ so/118/17

പ്രോജക്ട് അടങ്കൽ 75000

ചെലവായ തുക 41800 bill no 3/16-17-29/03/17

മേൽ പദ്ധതിനടത്തിപ്പിന്നായി താഴെ പറയുപ്രകാരം തുക വകയിരുത്തി

ലാപ്പ് ടോപ്പ് വാങ്ങൽ 35000

പ്രൊജക്ടർ 25000

അനുബന്ധ സാധനങ്ങൾ 15000

എന്നാൽ പദ്ധതി നടത്തിപ്പ് അപൂർണ്ണമാണ്. പദ്ധതിനടത്തിപ്പിനായി ഒരു ലാപ്ടോപ്പ് ക്വട്ടേഷൻ പ്രകാരം ബിസെയർ പവർ സൊലൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്(Invoice No 260/13.03.2017).

41800/-രൂപയാണ് ചെലവായത്. പദ്ധതിനടത്തിപ്പിൽ താഴെ പറയുപ്രകാരം അപാകതകൾ കണ്ടു.

1) പ്രോജക്ടിൽ വകയിരുത്തിയതിനെക്കാൾ ഉയർന്ന തുകയ്ക്കാണ് ലാപ്ടോപ്പ് വാങ്ങിയത്.

2)പദ്ധതിനടത്തിപ്പ് അപൂർണ്ണമാണ്. ലാപ്ടോപ്പ് വാങ്ങലല്ലാതെ പദ്ധതിയിൽ പറഞ്ഞ മറ്റ് ഇനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല.

3. സർക്കാർ ഉത്തരവ് (സാ.ധാ)നം 468/2017 പൊ.വി.വ. തിരുവനന്തപുരം20.02.2017 ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്കു ഓഫിസുകൾക്കു ആവശ്യമായ ഐ.ടി ഹാർഡ് വെയർ ഉപകരണങ്ങൾ വാങ്ങുന്നതിന്ന് പൊതുമാനദണ്ഡം ബാധകമാക്കി.ഇതിനു പുറമെ Order N0 NEP3/10192/2015/DPI Dated 21.11.2017 പ്രകാരം ലാപ്ടോപ്പ് ന് മാക്സിമം വില നിശ്ചയിച്ചിരിക്കുന്നത് 28990 രൂപയാണ്.എന്നാൽ മേൽ ഉത്തരവ്കൾക്ക് വ്യത്യസ്ഥമായാണ് പദ്ധതിനടപ്പാക്കിയത് .ആയതിന്ന് വിശദികരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ലാപ്ടോപ്പ് ഇനത്തിൽ അധികം ചെലവഴിച്ച 12,810/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-9 മരുന്ന് വാങ്ങൽ ആയുർവേദാശുപത്രി-സമയപരിധിപാലിക്കുന്നില്ല

നിർവ്വഹണഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫിസർ ആയുർവേദം

പ്രോജക്റ്റ് നമ്പർ so/88/17

ചെലവഴിച്ച തുക 2,00,000 billno 01/16/17dated 23.12.16

D.D.No.024359/dated30.12.2016 2,00,000

മേൽപറഞ്ഞ തുക ഔഷധിയ്ക്ക് നൽകിയിട്ടും മരുന്നിന്റെ വിതരണത്തിൽ കാലതാമസം വന്നു. വിശദവിവരം താഴെ പറയുന്നു.ലഭിച്ച മരുന്നിന്റെ വിവരം താഴെ പറയുന്നു.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ തിയ്യതി | മരുന്നിന്റെ വില | നികുതി വാറ്റ്5% |
|---|---|---|---|
| 1 | 2185/31.12.2016 | 58803 | 2940.15 |
| 2 | 2701/08.02.17 | 21690 | 1084.50 |
| 3 | 3158/29'02'2017 | 20448 | 1022.40 |
| 4 | 3703/31.3.2017 | 24949 | 1247.45 |
| 5 | 90020231 03.06.2017 | 24803 | 1240.15 |
| 6 | 9002860/29.07.17 | 22297 | 1337.82 6% S.G.S.T<br>1337.82 6%CGST |
| 7 | 90028827/05/08/2017 | 4995 | 299.70 6%SGST<br>299.70.6%CGST |
| | | 177985 | 10809.74 |

സർക്കുലർ നമ്പർ 13160 ഡി.എ1 തസ്വഭവ28.11.2010 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണം.എന്നാൽ 30.12.2016 തിയ്യതിയ്ക്ക് തുക നൽകിയിട്ടുംഓഡിറ്റ് തിയ്യതി വരെ മരുന്നിന്റെ വിതരണം പൂർത്തിയാക്കിയിട്ടില്ല.നിലവിൽ 22015/- രൂപയുടെ മരുന്ന് വിതരണം ചെയ്യുവാനുണ്ട്.ഔഷധിയുമായി കരാർ ചമച്ചിട്ടില്ല.തദ്ദേശസ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ രണ്ട് മാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന് കരാർ ചമയ്ക്കണം.ഈ നിബന്ധനപാലിച്ചിട്ടില്ല മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസം വന്നതിനാൽ നികുതിയിനത്തിൽ 1920.00 രൂപ അധികം ഈടാക്കിയിട്ടുണ്ട്.തുക ഉത്തരവാദിയായവരിൽ നിന്നു ഈടാക്കേണ്ടതാണ്.മേൽപറഞ്ഞ അപാകതകൾക്ക് വിശദവിവരം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. 22015/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 സബ്സിഡി രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ SO 179/17

പ്രോജക്ടിന്റെ പേര് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ചെലവഴിച്ച തുക 220000 (plan) 80000 (Grant finance commission)

490770(Block panchayath)

നിർവ്വഹണ ഉദ്യോഗസ്ഥ ഡയറിഫാം ഇൻസ്പക്ടർ

ഡയറിഫാം ഇൻസ്പക്ടർ 2016 -17 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 790770/- രൂപ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നല്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമനമ്പർ | സംഘത്തിൻെറ പേര് | പദ്ധതിവിഹിതം | ധനകാര്യകമ്മിഷൻ ഗ്രാൻറ് | ബ്ലോക്ക് വിഹിതം | ആകെ തുക | കർഷകരുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | കാവുന്തറ | 44774 | 16281 | 99880 | 160935 | 86 |
| 2 | നടുവണ്ണൂർ | 34520 | 12553 | 77004 | 124077 | 59 |
| 3 | കരുവണ്ണൂർ | 45833 | 16666 | 102242 | 164741 | 77 |
| 4 | കരുമ്പാപ്പൊയിൽ | 34993 | 12726 | 78063 | 125782 | 53 |
| 5 | മന്ദങ്കാവ് | 46353 | 16856 | 103405 | 166614 | 74 |
| 6 | കാവിൽ | 13527 | 4918 | 30176 | 48621 | 32 |
| | | 220000 | 80000 | 490770 | 790770 | |

11.01.2016 ലെ ജി.ഒ(എം.എസ്) 4 / 2016 തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 15 ഖണ്ഡിക 3.2 ക്രമനമ്പർ 8 പ്രകാരം സബ്സിഡി തുക ക്ഷീരസംഘങ്ങൾ മുഖേന കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽതുകകൾ മുഴുവനായും കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറിയതായുള്ള രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. കൂടാതെ ഈ പ്രോജക്ടിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്.7,90,770 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-11 എസ് സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം

നിർവഹണഉദ്യോഗസ്ഥൻ അസി. സെക്രട്ടറി

പ്രോജക്ട് നമ്പർ so122/17

ചെലവ് – 170295/-രൂപ
ബിൽ നം. -6/16-17-23.03.17

ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂളിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുക എന്ന ഉദ്ദേശത്തോടെ പദ്ധതി നടപ്പാക്കി. സൈക്കിൾ നൽകിയത് 43 വിദ്യാർത്ഥികൾക്കാണ്. ടെണ്ടർ പ്രകാരം സഫാരി ട്രെഡിങ്ങ് കമ്പനി മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങിയത്. ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1)തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ ജി ഒ (പി)259/2010 ത സ്വ ഭ വ 8.11.2010 ഉത്തരവ് പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങൾഓപ്പൺ ടെന്ററിൽ വാങ്ങണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ളിഷ് ദിനപത്രത്തിലും മലയാളദിനപത്രത്തിലും പരസ്യം ചെയ്യണം.ടെണ്ടർ ഫോറത്തിന്റെ വിൽപനയും സമർപ്പണവും പരസ്യതിയതി മുതൽ 21 ദിവസം നൽകണം. ടെണ്ടർസമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയു സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ പദ്ധതി നടപ്പിലാക്കിയത് മേൽ നിബന്ധനകൾ പാലിക്കാതെയാണ്.

2)ജി ഒ (എം എസ്)4/2016 തസ്വഭവ 11.1.2016 പന്ത്രണ്ടാം പഞ്ചവൽസരപദ്ധതി സബ്സിഡിമാർഗ്ഗരേഖപ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമാണ്നൽകേണ്ടത്.ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ സൈക്കിൾ നൽകാവൂ. പട്ടികജാതി, പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റെതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യംകൈപ്പറ്റരുത്.അത് തെളിയിക്കുന്നതിന്നായി മേൽ വകുപ്പിൽ നിന്നു ആനുകൂല്യംകൈപ്പറ്റിയിട്ടില്ല എന്ന വകുപ്പ അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.ഇതിനുപുറമെ നിർദ്ധനവിദ്യർത്ഥികൾക്ക് മുൻഗണന നൽകണം.എന്നാൽ ഇവയുടെ തെളിവുരേഖകളായ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റോ,വരുമാന സർട്ടിഫിക്കറ്റോ

ഹാജരാക്കിയിട്ടില്ല.

3)പ്രോജക്ട് വിഭാവനം ചെയ്തത് പത്താം ക്ലാസ്സിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നാണ്.എന്നാൽ ഗുണഭോക്താക്കളുടെ അഭാവത്തിലാണ് എട്ട്,ഒൻപത് ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്തത്. ആവശ്യമായ മാറ്റം പ്രോജക്ടിൽ വരുത്തിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 170295/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-12 സമഗ്രവിദ്യാഭ്യാസപരിപാടി-പദ്ധതിമാർഗ്ഗരേഖ പാലിച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

ചെലവ് – 75,000 cheque No 150664 5/03/01/17 തനത്ഫണ്ട്

പ്രോജക്റ്റ് നമ്പർ - 109/17

പദ്ധതി വിഭാവനം ചെയ്യുന്നത് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുവാനാണ്. കലാപരിശീലനം - 20,000, കായികപരിശീലനം - 10000 , പ്രതിഭാപോഷണം- 20,000 പഠനോപകരണ നിർമ്മാണശില്പശാല 10,000, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകപരിശീലനം15000

മേൽപറഞ്ഞ പരിപാടികൾ തൻവർഷം നടപ്പിലാക്കി. എന്നാൽ പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖ പ്രകാരം(Go(MS) 4/2016 LSGD 1.1.2016) വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുന്നതിനും അദ്ധ്യാപകപരിശീലന പരിപാടികൾ ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ/ആർ.എം.എസ്.എ. വഴി നടപ്പിലാക്കി വരുന്നുണ്ട്. അനുപൂരകമായ ഇത്തരം പരിപാടികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ/ആർ.എം.എസ്.എ.പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. അദ്ധ്യാപക പരിശിലന പരിപാടികൾ അദ്ധ്യാപകർക്കും വിദ്യർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകം തയ്യാറാക്കൽ മുതലായവ വിദ്യാഭ്യാസ വകുപ്പിൻെറ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്ന് മുമ്പ് സർക്കാർ അനുമതി വാങ്ങിക്കേണ്ടതാണ്. എന്നാൽ പഠനോപകരണ നിർമ്മാണം,പ്രതിഭാപോഷണം മുതലായ പരിപാടികൾ നടപ്പിലാക്കിയപ്പോൾ മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 75000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-13 കുടിവെള്ള പദ്ധതി-പൂർത്തിയാക്കിയിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ--അസി.സെക്രട്ടറി

പ്രോജക്ട് നമ്പർ 167/16-17

ചെലവഴിച്ച തുക 39522
ബിൽ നം. – 8/16-17 തീയതി 23.03.17

മേൽപറഞ്ഞ പ്രകാരം കോമൺ ഫെസിലിറ്റി സെൻററിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന്ന് കുഴൽ കിണർ നിർമ്മിക്കുന്നതിന്നായി 06.05.2017 തിയ്യതിയിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും 39522/- രൂപ ജില്ലാ ഓഫീസർ ഭൂജല വകുപ്പിന് കൈമാറുകയും ചെയ്തു. എന്നാൽ പ്രസ്തുത കുഴൽകിണർ നിർമ്മാണ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ജില്ലാ ഓഫിസറുടെ 08.03.2017 തിയ്യതിയിലെ കത്ത്പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതുപ്രകാരം കുഴൽകിണർ വ്യാസം 4.5 ഇഞ്ച്, ആഴം 85meter, മേൽമണ്ണിന്റെ കനം 18meter, കുഴിക്കേണ്ട സ്ഥാനം -കോമ്പൗണ്ടിൻെറ തെക്കു കിഴക്കു മൂല , 4.5 ഇഞ്ച് വ്യാസത്തിലുള്ള കുഴൽകിണർ കുഴിക്കുന്നതിന് ഡിപ്പാർട്ട്മെൻറ് നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ആയതുപ്രകാരം.

1)കുഴിക്കുന്നതിനുള്ള തുക മീറ്ററിന്ന് 350 രൂപ നിരക്കിൽ 85മീറ്ററിന്ന് 29750/-രൂപ

2)കെയ്സിംഗ്പൈപ്പിൻെറ (140 mmdia.PVC 6K.G /cm2)വില മീറ്ററിന്ന് 430/-രൂപ നിരക്കിൽ 18 മീറ്ററിന്ന് 7740/- രൂപ, കുഴൽകിണറിൻെറ അടപ്പിൻെറ വില 150/-രൂപ, ഓവർ ഹെഡ്ചാർജ് ( 5% നിരക്കിൽ ) 1882/-രൂപ Total 39522/-രൂപ. മേൽപറഞ്ഞ കത്ത്പ്രകാരം പ്രവൃത്തിസ്ഥലത്തേയ്ക്ക് ഡിപ്പാർട്ട് മെൻറ് ഡ്രില്ലിംഗ് റിഗ്ഗുകൾഎത്തിക്കുവാൻ സാധിക്കാത്തതിനാൽ പ്രവൃത്തികൾ ടെണ്ടർ മുഖേന നടപ്പിലാക്കാമെന്ന് അറിയിച്ചു. ആയതിന്ന് തുക ആവശ്യപ്പെടുകയും അത് നൽകുകയും ചെയ്തു. എന്നിട്ടും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 39522/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-14 കുഴൽ കിണർപദ്ധതി-പൂർത്തിയാക്കിയിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ--ഹെഡ്മാസ്റ്റർ

പ്രോജക്റ്റ് നമ്പർ 112/16-17.

ചെലവഴിച്ച തുക 34250/-രൂപ ബിൽ നം.6/16-17 തീയതി 31.03.17, M.G grant

ചെക്ക് നം. 3441668/- തീയതി 27/03/17 തനത് ഫണ്ട് – 1660/-രൂപ

മേൽപറഞ്ഞ പ്രകാരം ജി.എം.എൽ.പി സ്കൂൾ കിഴക്കോട്ട്കടവിന് കുടിവെള്ളം ലഭ്യമാക്കുന്നതിന്ന് കുഴൽ കിണർ നിർമ്മിക്കുന്നതിന്നായി 35910 രൂപ ജില്ലാ ഓഫീസർ ഭൂജലവകുപ്പിന്ന് കൈമാറി.എന്നാൽ പ്രസ്തുത കുഴൽകിണർ നിർമ്മണപ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ജില്ലാ ഓഫീസരുടെ 08.03.2017 തിയ്യതിയിലെ ജി.ഡബ്ളിയു /കെ.കെ.ഡി നമ്പർ കത്ത്പ്രകാരം എസ്റ്റിമെറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതുപ്രകാരംകുഴൽകിണർ വ്യാസം 4.5 ഇഞ്ച്, ആഴം 85 meter, മേൽമണ്ണിന്റെ കനം 18meter, കുഴിക്കേണ്ട സ്ഥാനം -സ്കൂൾ കോമ്പൗണ്ടിൻെറ തെക്കേ കിഴക്കു മൂലയിൽ 4.5 ഇഞ്ച് വ്യാസത്തിലുള്ള കുഴൽകിണർ കുഴിക്കുന്നതിന് ഡിപ്പാർട്ട് മെൻറ് നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ആയതുപ്രകാരം.

1) കുഴിക്കുന്നതിനുള്ള തുക മീറ്ററിന്ന് 350 രൂപ നിരക്കിൽ 85മീറ്ററിന്ന് 29750/- രൂപ

2) കെയ്സിംഗ്പൈപ്പിൻെറ (140 mmdia.PVC 6K.G /cm2)വില മീറ്ററിന് 430/-രൂപ നിരക്കിൽ 10മീറ്ററിന്ന് 4300/-

3) കുഴൽകിണറിൻെറഅടപ്പിൻെറവില 150/- രൂപ ഓവർ ഹെഡ്ചാർജ് ( 5%നിരക്കിൽ ) 1710/-രൂപ, ആകെ 35910/-രൂപ

മേൽപറഞ്ഞ കത്ത് പ്രകാരം പ്രവൃത്തിസ്ഥലത്തേയ്ക്ക് ഡിപ്പാർട്ട് മെൻറ് ഡ്രില്ലിംഗ് റിഗ്ഗുകൾഎത്തിക്കുവാൻ സാധിക്കാത്തതിനാൽ പ്രവൃത്തികൾ ടെണ്ടർ മുഖേന നടപ്പിലാക്കാമെന്ന് അറിയിച്ചു. ആയതിന്ന് 35910/-രൂപ ആവശ്യപ്പെടുകയും ആയത് നൽകുകയും ചെയ്തു. എന്നിട്ടും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ആയതിന്ന് വിശദികരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 35910/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,80,000 | സമഗ്ര നെൽകൃഷി | 1,80,000 | - |
| ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,90,770 | മിൽക്ക് ഇൻസന്റീവ് | 4,90,770 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം / ബിൽ നം. , തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കോമൺ ഫെസിലിറ്റി സെന്ററിന് കുടിവെള്ളം | 2016-17 | 40,000 | - | 40,000 |
| കെ.എസ്.ഇ.ബി | പുൽപ്പാറക്കുന്ന് കോളനി വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ | 2012-13 | 8,85,000 | 8,85,000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ( തൻ വർഷം ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (എം.എസ്) 533/2010 /ത.സ്വ.ഭ.വ തീയതി 18.2.2010 | - | 90,37,000 | 90,37,000 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17,30,254 |
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ ) | - |
| ആകെ | 17,30,254 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 17,30,254 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| കെ.ഡി.സി ബാങ്ക് , നടുവണ്ണൂർ - രശീതി നമ്പർ 100441807520058 തീയതി 10.1.2017 | 17,30,254 |
| ആകെ | 17,30,254 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23,932/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2001-02 | 2 (1) | 22,832 | ശ്രീ. ജയപ്രകാശ്, മുൻ സെക്രട്ടറി | 11604101617/31.03.2017 |
| 2001-02 | 2 (1) | 360 | മാനേജർ, മാവേലി സ്റ്റോർ | 116004103087/31.03.2017 |
| 2001-02 | 2 (1) | 740 | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 11604103088/31.03.2017 |

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | പൊതുപരാമർശം -7 | കാലഹരണപ്പെട്ട നികുതി കുടിശ്ശികയുടെ വിവരം |
| 1999-00 | 35 | 2003-04 | പൊതുപരാമർശം -5 | വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |
| 2000-01 | 2-5 | 2004-05 | പൊതുപരാമർശം -3 | നികുതിപിരിവിൽ അലംഭാവം- കുടിശ്ശിക പെരുകുന്നു |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,64,54,695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,07,88,994 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 51,568 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1871322 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 51,568 | ശ്രീ. പി. എൻ ശ്രീശൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 125000 | ഡോ.ഇ.ജെ.സ്മിത, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 | 600000 | ശ്രീ.ഒ.എം.രാജൻ, ഹെഡ്മാസ്റ്റർ |
| 3-8 | 12810 | |
| 3-9 | 22015 | ഡോ.ബിന്ദു ജോസഫ്, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-10 | 7,90,770 | ശ്രീമതി. ഒ. കെ ജിഷ, ഡയറി ഫാം ഇൻസ്ക്ടർ |
| 3-11 | 170295 | ശ്രീമതി.കെ.പി.ഷബീന, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 75000 | ശ്രീ.ഒ.എം.രാജൻ, ഹെഡ്മാസ്റ്റർ |
| 3-13 | 39522 | ശ്രീമതി.കെ.പി.ഷബീന, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 35910 | ശ്രീ.ഒ.എം.രാജൻ, ഹെഡ്മാസ്റ്റർ |
| ആകെ | 1871322 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. എൻ ശ്രീശൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഉള്ള്യേരി ഗ്രാമ പഞ്ചായത്ത് | സങ്കീർത്തനം, മുത്താമ്പി റോഡ്, കൊയിലാണ്ടി - 673305 |
| ശ്രീമതി. ഒ. കെ ജിഷ, ഡയറി ഫാം ഇൻസ്ക്ടർ | ഡയറി ഫാം ഇൻസ്ക്ടർ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല |
| ഡോ.ബിന്ദു ജോസഫ്, മെഡിക്കൽ ഓഫീസർ ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി, നടുവണ്ണൂർ | കുന്നത്ത് വീട്, ചേവായൂർ (പി.ഒ), കോഴിക്കോട് – 673017 |
| ശ്രീ.ഒ.എം.രാജൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.ഡബ്ല്യു.എൽ.പി.എസ്, കാവുന്തറ | ശ്രീപദം, കൽപ്പത്തൂർ, കോഴിക്കോട് – 673524 |
| ഡോ.ഇ.ജെ.സ്മിത, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി നടുവണ്ണൂർ | സാരംഗി (വീട്), മേരിക്കുന്ന് (പി.ഒ) കോഴിക്കോട് – 673012 |
| ശ്രീമതി.കെ.പി.ഷബീന, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | ദേവരാഗം (വീട്), പൈതോത്ത് റോഡ്, പേരാമ്പ്ര – 673525 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.10/236/12(6)/06.03.12 | 5 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(2)/02.06.12 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(3)/02.06.12 | 3 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(4)/02.06.12 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(1)/30.08.14 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(5)/02.06.12 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(6)/02.06.12 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(7)/02.06.12 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(8)/02.06.12 | 5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(2)/30.08.14 | 24 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(3)/30.08.14 | 8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(4)/30.08.14 | 23 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/855/13/18.07.13 | 18 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/11117/14/30.12.14 | 20 |
| 2012-13 & 2013-14 | എൽ.എഫ്.കെ.കെ.ഡി/പി.10/2138/15/19.12.15 | 16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.10/1055/16/15.06.16 | 12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.10/2045/16/21.11.16 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ/കെ.കെ.ഡി/പി.10/1946/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം ,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി – 02.11.2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

No. KSA.KKD/P10/1946/2016

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 02.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Naduvannur Grama Panchayat for the year ended on 31.3.2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Naduvannur Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.